സഹകരണ മേഖലയിലെ ആശുപത്രികളും പാരലൽ കോളേജുകളും അനുവദിക്കുന്നതിനുള്ള മാനദണ്ഡം

* 121. [123] ശ്രീ. എ. സി. ജോസ് :
,, എം. എം. ഹസ്സൻ :
,, കെ. മുഹമ്മദാലി :
,, ജോസ് കുറിയാനി
,, സ്റ്റീഫൻ പാദുവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സഹകരണ മേഖലയിൽ സഹകരണ ആശുപത്രികളും പാരലൽ കോളേജുകളും അനുവദിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്താണ് ;

(ബി) സംസ്ഥാനത്ത് എത്ര സഹകരണ ആശുപത്രികളും പാരലൽ കോളേജുകളും ഉണ്ട് ;

(സി) സഹകരണ പാരലൽ കോളേജുകൾ നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ ?

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം) :

(എ) റവന്യൂ ജില്ലാ പ്രവർത്തന പരിധിയായി ഓരോ ജില്ലാ സഹകരണ ആശുപത്രിയും പഞ്ചായത്ത്/പഞ്ചായത്തുകൾ പ്രവർത്തനപരിധിയായി പഞ്ചായത്ത് സഹകരണ ഡിസ്പെൻസറികളും രജിസ്റ്റർ ചെയ്യുന്നുണ്ട്: തൊഴിൽരഹിതരായ ബിരുദധാരികൾ അംഗങ്ങളായി താലൂക്ക് പ്രവർത്തന പരിധിയായി സഹകരണ പാരലൽ കോളേജുകളും (കോ-ഓപ്പറേറീവ് എഡ്യൂക്കേഷണൽ സൊസൈറ്റികൾ) രജിസ്റ്റർ ചെയ്യുന്നുണ്ട്.

(ബി) സംസ്ഥാനത്ത് 12 ജില്ലാ സഹകരണ ആശുപത്രികളും 61 പഞ്ചായത്ത് സഹകരണ ഡിസ്പെൻസറി/ഹോസ്പിറ്റലുകളും 41 സഹകരണ പാരലൽ കോളേജുകളുമുണ്ട്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ജലസേചന പദ്ധതികൾക്ക് കേന്ദ്ര അംഗീകാരം

* 122. [124] ശ്രീ. വർക്കല രാധാകൃഷ്ണൻ :
,, ടി. കെ. ഹംസ :
ശ്രീമതി കെ. ആർ. ഗൗരി :
ശ്രീ. എം. ജിനദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മേജർ ജലസേചന പദ്ധതികൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിക്കാൻ കാലതാമസം നേരിടുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടെങ്കിൽ ഇതുകൊണ്ട് സംസ്ഥാനത്തിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നുണ്ടോ ;

(ബി) പദ്ധതികൾക്ക് അംഗീകാരം കിട്ടാൻ കാലതാമസം നേരിടുന്നതുകൊണ്ട് അടങ്കൽ തുക വർദ്ധിപ്പിക്കേണ്ടി വന്നിട്ടുണ്ടോ ;

(സി) കാലതാമസം ഒഴിവാക്കാൻ എന്തു നടപടിയാണ് ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) അംഗീകാരം ലഭിച്ചിട്ടും പണി ആരംഭിക്കാൻ കഴിയാത്ത പദ്ധതികൾ ഉണ്ടോ ; എങ്കിൽ ഏതെല്ലാം ;

(ഇ) പ്രവർത്തി ആരംഭിച്ചു കഴിഞ്ഞിട്ടുള്ള പദ്ധതികളിൽ എത്ര എണ്ണം പൂർത്തീകരിക്കാനുണ്ട് ?

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ഉണ്ട്, അനുമതി കിട്ടുമെന്ന പ്രതീക്ഷയിൽ ഏതാനും പദ്ധതികൾ തുടങ്ങുകയും അതിന്റെ പണികൾ തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്. അതനുസരിച്ചു പദ്ധതികളുടെ ചിലവ് വർദ്ധിക്കുവാൻ കാരണമാകുന്നുണ്ട്.

(ബി) ഉണ്ട്.

(സി) സംസ്ഥാന ഗവൺമെൻറുകൾക്കു നേരിട്ടു തീരുമാനമെടുക്കുവാൻ കൂടുതൽ അധികാരങ്ങൾ നൽകണമെന്ന് കേന്ദ്ര ഗവൺമെൻറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) 19. അവ താഴെ പറയുന്നവയാണ്.

1. കല്ലട	2. പമ്പ
3. പെരിയാർ വാലി	4. ചിറ്റൂർപുഴ
5. കാഞ്ഞിരപ്പുഴ	6. കുറിയാടി
7. പഴശ്ശി	8. മൂവാറ്റുപുഴ
9. ചിമ്മിനി	10. അട്ടപ്പാടി
11. കാരാപ്പുഴ	12. ഇടമലയാർ
13. കുരിയാർകുട്ടി-കാരപ്പാറ	14. ചാലിയാർ (ബേപ്പൂർപുഴ)
15. കാക്കടവ്	
16. വാമനപുരം	17. മീനച്ചിൽ
18. താണാസുര സാഗർ	19. ചാത്രവട്ടം

നഗരവികസന പദ്ധതികൾക്കുവേണ്ടി ഭൂമി മരവിപ്പിച്ചിട്ടുള്ള ഏർപ്പാട് —

* 123. [125] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) നഗരവികസന പദ്ധതികൾക്ക് വേണ്ടി ദീർഘകാലം ഭൂമി മരവിപ്പിച്ചിടുന്ന ഏർപ്പാട് അവസാനിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly